# പതിനാലാം കേരള നിയമസഭ

# രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6019** **04.11.2016-ന് മറുപടിയ്ക്ക്**

**<u>കഴക്കൂട്ടം - കാരോട് ബൈപ്പാസ് സ്ഥലം</u>**

| **ചോദ്യം**<br>**ശ്രീ.എം. വിൻസെന്റ്** | **ഉത്തരം**<br>**ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
|---|---|
| എ) കഴക്കൂട്ടം - കാരോട് ബൈപ്പാസ് സ്ഥലം ഏറ്റെടുക്കലിന് കോട്ടുകാൽ, കാഞ്ഞിരംകുളം വില്ലേജുകളിലെ എ ക്ലാസ് കാറ്റഗറിയിൽപ്പെട്ട ഭൂമിയ്ക്ക് ഡി.എൽ.പി.സി. സെന്റൊന്നിന് നിശ്ചയിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ; | എ) 5,25,000/- രൂപ |
| ബി) ടി തുകയിൽ നിന്നും വ്യത്യാസം വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ഉണ്ട്, ഡി.എൽ.പി.സി നിശ്ചയിച്ച തുക സ്റ്റേറ്റ് ലെവൽ പർച്ചേസ് കമ്മിറ്റി റദ്ദാക്കിയതിനെ തുടർന്നാണ് എൽ.എ (എൻ.എച്ച്) സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ ആന്റ് കോംപീറ്റന്റ് അതോറിറ്റിയുടെ നടപടിക്രമം പ്രകാരം തുകയിൽ വ്യത്യാസം വരുത്തിയിട്ടുള്ളത്. അതിൻപ്രകാരം 'എ' ക്ലാസ്സ് കാറ്റഗറിയിൽപ്പെട്ട ഭൂമിക്ക് സെന്റൊന്നിന് 3,24,669/- രൂപ വില നിശ്ചയിക്കുകയുണ്ടായി. |
| സി) ഇതേ വില്ലേജുകളിൽപ്പെട്ട ഭൂമി വിഴിഞ്ഞം തുറമുഖ പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുത്തപ്പോൾ സെന്റൊന്നിന് 7.25 ലക്ഷം രൂപയാണ് അനുവദിച്ചതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തുകയിൽ വ്യത്യാസം വരുത്തിയത് സംബന്ധിച്ച് ഏതെങ്കിലും കേസ് കോടതിയിൽ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ; | സി) വിഴിഞ്ഞം തുറമുഖ പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുത്തപ്പോൾ സെന്റൊന്നിന് 7.15 ലക്ഷം രൂപയാണ് സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി അംഗീകരിച്ച തുക. നിലവിൽ തുകയിൽ വ്യത്യാസം വരുത്തിയത് സംബന്ധിച്ച് കേസ് നിലവിൽ ഉള്ളതായി കാണുന്നില്ല. |
| ഡി) പാവപ്പെട്ട കർഷകരുടെ ഭൂമിയ്ക്ക് ന്യായമായി കിട്ടേണ്ട വില നൽകുവാൻ മുൻകൈ എടുക്കുമോയെന്ന് വ്യക്തമാക്കാമോ; ആയത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വിശദമാക്കാമോ? | ഡി) നിലവിലെ നിയമപ്രകാരം ഭൂഉടമയ്ക്ക് ഭൂമിയുടെ ന്യായമായ കമ്പോളവില നഷ്ടപരിഹാരമായി ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ